Break the chain

# UNIVERSITY OF KERALA

Thiruvananthapuram, Kerala, India - 695034

(Established as University of Travancore by the Travancore University Act in1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)

(Re-accredited by NAAC with 'A' Grade)

നം.Admn AV/1146/CDC/2021/UOK

തീയതി :21.01.2021

**പരിപത്രം**

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ്-കോവിഡ് 19 കോളേജ് വീണ്ടും തുറക്കൽ-കൂട്ടതൽ - നിർദ്ദേശങ്ങൾ നൽകുന്നത് -സർവകലാശാലയിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന 1. പരിപത്രം നം.ജി4/ 81/2021 / ഡിസി ഇ (i) തീയതി 02.01.2021

2. പരിപത്രം നം.ജി4/ 81/2021 / ഡിസി ഇ തീയതി 05.01.2021

മേൽ സൂചന (1) & (2) പ്രകാരം, കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കോളേജ് വീണ്ടും തുറക്കൽ സംബന്ധിച്ച് കൂട്ടതൽ നിർദ്ദേശങ്ങൾ നൽകി കോളേജ് വിദ്യാഭ്യാസ വകുപ്പ് സർക്കുലറുകൾ പുറപ്പെടുവിച്ചിരിക്കുന്നു (പരിപത്രങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു ). മേൽ സൂചന പ്രകാരമുള്ള പരിപത്രം (സൂചന (1) & (2)) കേരള സർവകലാശാലയിൽ നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു. ഈ പരിപത്രത്തിലെ നിർദ്ദേശങ്ങൾ എല്ലാ ഉദ്യോഗസ്ഥരും പാലിക്കേണ്ടതും ഇക്കാര്യം ബന്ധപ്പെട്ട മേധാവികൾ ഉറപ്പാക്കേണ്ടതുമാണ്.

രജിസ്ട്രാർ(i/c)

സ്വീകർത്താവ്

1) വി .സി /പി. വി. സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

(2) രജിസ്ട്രാർ/ എഫ് .ഒ/ സി .ഇ / ഡി.പി .ഡി എന്നിവരുടെ പി .എ മാർക്ക്

(3) എല്ലാ വകുപ്പ് മേധാവികൾക്കും

(4) എല്ലാ ജെ .ആർ മാർക്കും

(5)പ്രിൻസിപ്പൽ UIT's / UIM's / KUCTE's

(6) സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

Scanned with CamScanner

G4/81/2021/DCE (I)

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 02.01.2021

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -covid19 -കോളേജ് വീണ്ടും തുറക്കൽ - കൂടുതൽ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന :- 1.സർക്കാർ ഉത്തരവ് (ആർ. റ്റി ) നമ്പർ 16.09.2020 തീയതി 23.12.2020

2.ബഹു: കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദേശം

*********

രാജ്യത്താകെ പടർന്നുപിടിച്ച കോവിഡ് 19 എന്ന മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് കോളേജുകൾ എല്ലാം അടച്ചിടേണ്ട സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ സൂചന രണ്ട് പ്രകാരം 4.1.2021 മുതൽ കോളേജുകൾ കർശന നിയന്ത്രണങ്ങളോടെ തുറന്നു പ്രവർത്തിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ദീർഘനാളത്തെ അടച്ചിടലിന് ശേഷം കോളേജുകൾ വീണ്ടും തുറക്കുന്ന സാഹചര്യത്തിലും, കോവിഡ് 19 എന്ന മഹാമാരി ഇപ്പോഴും നിലനിൽക്കുന്ന സാഹചര്യത്തിലും, കോളേജ് കാമ്പസിൽ പ്രവേശിക്കുന്ന വിദ്യാർഥികൾക്ക് കോവിഡ് 19 വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, അത്തരം സാഹചര്യമുണ്ടായാൽ സമൂഹ വ്യാപനം തടയേണ്ടതും നമ്മുടെ പൂർണ ഉത്തരവാദിത്വം ആണ്.

ആയതിനാൽ സൂചന ഉത്തരവിനു പുറമേ താഴെപ്പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി പാലിച്ച് കോളേജുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് സർക്കുലർ പുറപ്പെടുവിക്കുന്നു.

1.കോളേജുകളിൽ ഓരോ സ്ട്രീമിന്റെയും ക്ലാസുകൾ ബാച്ചുകൾ ആയി വേണം നടത്തുവാൻ. അധ്യാപകർ ഒരു ദിവസം ഒന്നിൽ കൂടുതൽ ബാച്ചുകൾക്ക് ക്ലാസുകൾ കൈകാര്യം ചെയ്യാൻ പാടില്ല

2.ക്ലാസുകളിൽ വിദ്യാർത്ഥികൾക്ക് നിശ്ചിത അകലങ്ങളിൽ ആയിരിക്കണം ഇരിപ്പിടങ്ങൾ ക്രമീകരിക്കേണ്ടത്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ,ശാരീരിക അവശതകൾ ഉള്ളവർ, ക്യാൻസർ പോലുള്ള ഗുരുതര രോഗമുള്ളവർ എന്നീ വിഭാഗത്തിൽ ഉള്ള വിദ്യാർഥികൾ/അദ്ധ്യാപകർ /അനദ്ധ്യാപകർ എന്നിവർ കോളേജിൽ ഹാജരാകേണ്ടതില്ല . എന്നിരുന്നാൽ തന്നെയും ഈ വിഭാഗത്തിൽ വരുന്ന വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നഷ്ടപ്പെടാതിരിക്കാനുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ടി സാഹചര്യങ്ങളിൽ ഉള്ള അദ്ധ്യാപകർ/മറ്റ് അനദ്ധ്യാപക ജീവനക്കാർ എന്നിവർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതാണ്. കൂടാതെ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയവർ, ഓട്ടിസം ബാധിച്ച കുട്ടികളുടെ മാതാപിതാക്കളായ അദ്ധ്യാപകർ എന്നിവർക്ക് കോളേജിൽ നേരിട്ടെത്തി ക്ലാസുകൾ എടുക്കുന്നതിനു പകരം വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതാണ്.

3.കോളേജ് പൂർണ്ണമായും ( കോളേജ് കെട്ടിടങ്ങൾ,പരിസരം, ക്ലാസ് റൂമുകൾ, ഉപകരണങ്ങൾ etc.) സാനിറ്റൈസ് ചെയ്യേണ്ടതാണ്.

4.കോളേജ് കാമ്പസുകളിലും ക്ലാസുകളിലും സാനിട്ടേഷൻ സ്പോട്ട് ക്രമീകരിക്കേണ്ടതും അവിടെ ആവശ്യമായ സാനിറ്റൈസർ, തെർമോമീറ്റർ,മാസ്ക്, ഗ്ലൗസ്സ്, ഡസ്റ്റ് ബിൻ എന്നിവ ക്രമീകരിക്കേണ്ടതാണ്.

5.എല്ലാ വിദ്യാർത്ഥികളും മാസ്കും,ഗ്ലൗസും ധരിച്ചിരിക്കേണ്ടതാണ്. തെർമൽ സ്കാനിങ്ങിന് ശേഷം മാത്രമേ വിദ്യാർഥികളും അധ്യാപകരും മറ്റു ജീവനക്കാരും കോളേജിൽ പ്രവേശിക്കാൻ പാടുള്ളു. തെർമൽ സ്കാനിങ് യിലെ

Scanned with CamScanner

ടെമ്പറേച്ചർ 98.6 ൽ കൂടുതൽ വരുന്നവരെ കോളേജിൽ പ്രവേശിപ്പിക്കേണ്ടതില്ല. അത്തരം വിദ്യാർഥികളുടെയും, അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെയും വിവരങ്ങൾ അപ്പോൾ തന്നെ ചുമതലപ്പെടുത്തിയവർ പ്രിൻസിപ്പലിനെ അറിയിക്കേണ്ടതും, പ്രിൻസിപ്പലിന്റെ ചുമതലയിൽ സുരക്ഷിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതുമാണ്.

6.പനി, ജലദോഷം, ചുമ തുടങ്ങിയ രോഗങ്ങളോ രോഗലക്ഷണങ്ങളോ ഉള്ള വിദ്യാർത്ഥികളും, അധ്യാപകരും മറ്റ് അനധ്യാപക ജീവനക്കാരും കോളേജിൽ ഹാജരാകേണ്ടതില്ല. ഇത്തരം സാഹചര്യങ്ങളിൽ ഉള്ള അധ്യാപകർ/ മറ്റ് അനധ്യാപക ജീവനക്കാർ എന്നിവർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതുമാണ്.വർക്ക് ഫ്രം ഹോം അനുവദിക്കപ്പെടുന്ന ജീവനക്കാർ തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ covid ടെസ്റ്റ് നെഗറ്റീവ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്

7.എല്ലാ കോളേജുകളിലും കുറഞ്ഞത് എട്ട് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കോവിഡ് സെൽ രൂപീകരിക്കേണ്ടതും, പ്രിൻസിപ്പൽ കൂടാതെ ഒരു അധ്യാപകന് ചുമതല നൽകേണ്ടതുമാണ്. പ്രസ്തുത സെല്ലിൽ പ്രിൻസിപ്പൽ,പിടിഎ വൈസ് പ്രസിഡന്റ്, ഒരു അധ്യാപകൻ,വുമൺ സെൽ കോർഡിനേറ്റർ,വിദ്യാർത്ഥി പ്രതിനിധി,പ്രദേശത്തെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കോളേജ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ വാർഡ് പ്രതിനിധി, ഓഫീസ് സീനിയർ സൂപ്രണ്ട് എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്.

8.എല്ലാ കോളേജുകളും സിക്ക് റൂമുകൾ ക്രമീകരിക്കേണ്ടതും ഫസ്റ്റ് എയ്ഡ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

9.അധ്യാപകർ എടുക്കുന്ന ക്ലാസ്സുകൾ റെക്കോർഡ് ചെയ്യേണ്ടതും, അതിന്റെ വീഡിയോ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയതിനാൽ അത്തരം പാഠഭാഗങ്ങൾ ഓൺലൈൻ ക്ലാസുകൾ ആയി വീണ്ടും എടുക്കുന്നത് ഒഴിവാക്കുവാൻ സാധിക്കും.

10.കോളേജ് കാമ്പസുകളിലും, ക്ലാസുകളിലും അധ്യാപകരും വിദ്യാർത്ഥികളും കൃത്യമായും നിർബന്ധമായും ഐഡി കാർഡ് ധരിക്കേണ്ടതാണ്.

11.കോളേജുകളിൽ കോവിഡ് നിയന്ത്രണം അവസാനിക്കുന്നതുവരെ സന്ദർശകരെ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല. ഇത് സംബന്ധിച്ച് കാമ്പസ്സിൽ നോട്ടീസ് പതിക്കേണ്ടതാണ്.

12.കോളേജുകളിൽ വിസിറ്റേഴ്സ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ടി നിർദ്ദേശങ്ങൾ കോളേജിൽ കൃത്യമായി പാലിക്കുന്നതിന് പ്രിൻസിപ്പൽ വ്യക്തിഗത ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് കൂടി എന്ന് നിർദ്ദേശിക്കുന്നു.

Approval Valid

Digitally Approved By
ഡോ. കെ.എൻ. കൃഷ്ണകുമാർ
Date: 2 2021
Reason: Approved

ഒപ്പ്/-
ഡോ. കെ.എൻ. കൃഷ്ണകുമാർ
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ മാർക്കും - എയ്ഡഡ് കോളേജുകളിൽ അറിയിക്കുന്നതിനു വേണ്ടി
2. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പൽ മാർക്കും.

Scanned with CamScanner

G4/81/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 05.01.2021

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -covid19 -കോളേജ് വീണ്ടും തുറക്കൽ - കൂടുതൽ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച് - പരിഷ്ക്കരിച്ച സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന :- 1.സർക്കാർ ഉത്തരവ് (ആർ. റ്റി ) നമ്പർ 16.09.2020 തീയതി 23.12.202
2. 02 .01 .2021 ഇതേ നമ്പർ സർക്കുലർ .
3 .സ.ഉ (സാധാ ) നം.964/ 2020 / DMD , തീയതി 10.12.2020
4 .സ.ഉ (ആർ.റ്റി)814/2020/DMD , തീയതി 14.10.2020

**********

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കോളേജുകൾ 4.1.2021 മുതൽ തുറന്ന് പ്രവൃത്തിക്കുന്ന സാഹചര്യത്തിൽ പാലിക്കേണ്ട നിർദേശങ്ങൾ സൂചന 2 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. സൂചന 3 & 4 ഉത്തരവിലെ നിർദേശങ്ങൾ അനുസരിച്ച് സൂചന 2 സർക്കുലറിലെ ഖണ്ഡിക 2 നും 6 നും താഴെ പറയും പ്രകാരം പരിഷ്കരിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2.ക്ലാസുകളിൽ വിദ്യാർത്ഥികൾക്ക് നിശ്ചിത അകലങ്ങളിൽ ആയിരിക്കണം ഇരിപ്പിടങ്ങൾ ക്രമീകരിക്കേണ്ടത്. ഗർഭിണികൾ, ഒരുവയസ്സിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളുള്ള മുലയൂട്ടുന്ന അമ്മമാർ, ക്യാൻസർ പോലുള്ള ഗുരുതര രോഗമുള്ളവർ എന്നീ വിഭാഗത്തിൽ ഉള്ള വിദ്യാർഥികൾ/അദ്ധ്യാപകർ /അനദ്ധ്യാപകർ എന്നിവർ കോളേജിൽ ഹാജരാകേണ്ടതില്ല. എന്നിരുന്നാൽ തന്നെയും ഈ വിഭാഗത്തിൽ വരുന്ന വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നഷ്ടപ്പെടാതിരിക്കാനുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ടി സാഹചര്യങ്ങളിൽ ഉള്ള അദ്ധ്യാപകർ/മറ്റ് അനദ്ധ്യാപക ജീവനക്കാർ എന്നിവർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതാണ്. കൂടാതെ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയവർ, ഓട്ടിസം,സെറിബ്രൽ പാൾസി തുടങ്ങിയ ഗുരുതര രോഗം ബാധിച്ച കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർ എന്നിവർക്ക് കോളേജിൽ നേരിട്ടെത്തി ജോലി ചെയ്യുന്നതിന് പകരം വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതാണ്.

6.പനി, ജലദോഷം, ചുമ തുടങ്ങിയ രോഗങ്ങളോ രോഗലക്ഷണങ്ങളോ ഉള്ള വിദ്യാർത്ഥികൾ കോളേജിൽ ഹാജരാകേണ്ടതില്ല. ഇത്തരം ലക്ഷണങ്ങൾ ഉള്ള അധ്യാപകർ/ മറ്റ് അനധ്യാപക ജീവനക്കാർ എന്നിവർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കുന്നതല്ലാത്തതും തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ കോവിഡ് ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

മറ്റ് നിർദേശങ്ങൾക്ക് മാറ്റങ്ങൾ ഒന്നും തന്നെ ഇല്ലാത്തതും, സൂചന 2 സർക്കുലർ മേല്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതുമാണ് .ഈ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ജീവനക്കാരും മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ് .

Approval Valid

Digitally Approved By
ഡോ. കെ.എൻ. കൃഷ്ണകുമാർ
Date: 05.01.2021
Reason: Approved

ഒപ്പ്/-
ഡോ. കെ.എൻ. കൃഷ്ണകുമാർ
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

Scanned with CamScanner